പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1862 — 21.01.2014 ൽ മറുപടിയ്ക്ക്

## 'കില' യെ കൽപ്പിത സർവ്വകലാശാലയാക്കാനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ആർ. സെൽവരാജ് | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 'കില'യെ കൽപ്പിത സർവ്വകലാ ശാലയാക്കി മാറ്റുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. 07.12.2012 ലെ സ.ഉ. (കൈ) നം. 329/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം "കില" യെ കൽപ്പിത സർവ്വ കലാശാലയായി വികസിപ്പിക്കുന്നതി നുള്ള നടപടികൾ ത്വരിതപ്പെടുത്തു ന്നതിനായി കില ഡയറക്ടർ ഡോ. പി. പി. ബാലനെ കില കൽപ്പിത സർവ്വകലാശാല സ്പെഷ്യൽ ഓഫീസ റായി നിയമിക്കുകയും 21.08.2013 ലെ സ.ഉ.(എം.എസ്) 286/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 'കില'യെ കൽപിത സർവ്വകലാശാലപദവിയി ലേക്കുയർത്തി വികസിപ്പിയ്ക്കുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമ മായ പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദ മാക്കുമോ; | ബി) ആന്റ് സി) 'കില' കൽപ്പിത സർവ്വകലാശാലയാകു ന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പ്രാദേശിക ഭരണത്തിൽ കൂടുതൽ പഠിക്കാൻ അവസരമുണ്ടാകുന്നു. അത് അധികാര വികേന്ദ്രീകരണത്തെ കൂടുതൽ ശക്ത മാക്കുകയും ചെയ്യുന്നു. എം.എ, എം.ഫിൽ, പി.എച്ച്.ഡി എന്നീ പ്രോഗ്രാ മുകളാണ് ഇതിൽ വിഭാവനം |

| | | |
|---|---|---|
| | | ചെയ്തിരിക്കുന്നത്. ഒരു നിശ്ചിത ശതമാനം സീറ്റ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ജീവനക്കാർക്ക് നീക്കി വെയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>'കില' കൽപ്പിത സർവ്വകലാശാല യാക്കുന്നതുമൂലം താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ആഴത്തിലുള്ള പഠനങ്ങൾ നടത്തുക<br>• അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) ഇതിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ 'കില'യെ കല്പിത സർവ്വകലാശാലയായി വികസിപ്പിക്കുന്നതിനു വേണ്ടിവരുന്ന ഭൂമി ആർജ്ജിക്കുന്ന നടപടികളും എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ